## പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2126 — 07.12.2015 ന് മറുപടിയ്ക്ക്

**2011-12 ലെ ബഡ്ജറ്റിൽ വനം വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) 2011-12 ലെ സംസ്ഥാന ബഡ്ജറ്റിൽ വനം വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ആ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാനോ ലക്ഷ്യത്തിലെത്താനോ കഴിയാത്ത പദ്ധതികൾ ഏതെല്ലാം; | (എ) 2011-12 ബഡ്ജറ്റ് നിർദ്ദേശത്തിലെ വനം വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ<br>1) സ്വകാര്യഭൂമിയിൽ മരം വച്ചു പിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുവാനുള്ള പദ്ധതി 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്.<br>2) നിലവിലുള്ള കൺവീനർ സമ്പ്രദായത്തിനു പകരം കോൺട്രാക്ട് സമ്പ്രദായം എന്നത് നടപ്പിലാക്കിയിട്ടില്ല. ഇത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) പ്രസ്തുത പദ്ധതികൾക്കോരോന്നിനുമായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക മുഴുവൻ അനുവദിക്കപ്പെട്ടിരുന്നോ; അനുവദിക്കപ്പെട്ട തുക പിൻവലിക്കാതെ അവശേഷിക്കുന്നുണ്ടോ; വിശദമാക്കാമോ;<br>(സി) പ്രസ്തുത പദ്ധതികൾക്കായി തുടർന്നുള്ള ബഡ്ജറ്റുകളിൽ തുക വകയിരുത്തപ്പെട്ടവ ഏതെല്ലാമായിരുന്നു; വ്യക്തമാക്കാമോ; | (ബി) & (സി) - വനം വകുപ്പിലെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന് പൊതുവായി അനുവദിക്കപ്പെടുന്ന ഫോറസ്റ്റ് പബ്ലിസിറ്റി/എക്സ്റ്റൻഷൻ ഫോറസ്ട്രി എന്നീ ബഡ്ജറ്റ് ശീർഷകങ്ങളിൽ ലഭ്യമാകുന്ന തുകയിൽ നിന്നുമാണ് സ്വകാര്യ ഭൂമിയിൽ മരം വച്ചു പിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുവാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നത്.<br>ഈ പദ്ധതിക്ക് മാത്രമായി പ്രത്യേകം ബഡ്ജറ്റ് വകയിരുത്തൽ ഉണ്ടായിട്ടില്ല.<br>കൺവീനർ സമ്പ്രദായത്തിനുപകരം കോൺട്രാക്ട് സമ്പ്രദായം നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടതില്ല. |
| (ഡി) ഇവയിൽ നാലരവർഷത്തിന് ശേഷവും ലക്ഷ്യം കാണാനോ പൂർത്തീകരിക്കാനോ സാധിക്കാത്ത ഏതെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) ടി പദ്ധതിക്കു വേണ്ടി പ്രത്യേക കാലയളവ് നിഷ്കർഷിച്ചിട്ടില്ല. പദ്ധതി ഇപ്പോഴും തുടരുന്നു. |

സെക്ഷൻ ഓഫീസർ.